പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 394 29/06/2016-ൽ മറുപടിക്ക്

# കോവൂർ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.ടി.എ.റഹീം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് കോവൂർ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ? | **(എ) യും (ബി) യും**<br>കോവൂർ, മാവൂർ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിച്ച് കുറ്റിക്കാട്ടൂർ ആസ്ഥാനമായി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കോവൂർ, മാവൂർ എന്നീ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ഇവ വിഭജിച്ച് പുതിയ സെക്ഷൻ രൂപീകരിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**